പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 193 **27-10-2026-ൽ മറുപടിയ്ക്ക്**

വിദേശ നിക്ഷേപം ആകർഷിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ കേരള ഡെസ്കുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ
ശ്രീ. വി. ടി. ബൽറാം
ശ്രീ. മുഹമ്മദ് ഷിയാസ്
ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും കേരളത്തിലെ വ്യവസായ-നിക്ഷേപ സാധ്യതകൾ ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത രാജ്യങ്ങളിൽ കേരള ഡെസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്.

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി, വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും പ്രവാസി കേരളീയരുടെ നേതൃത്വത്തിലുള്ള നിക്ഷേപ ഇടപെടൽ ശക്തിപ്പെടുത്തുന്നതിനുമായി ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്യോ എന്നീ അഞ്ച് വിദേശ നഗരങ്ങളിൽ പ്രവാസി കേരളീയ സംഘടനകളുടെ സഹകരണത്തോടെ "കേരള ഡെസ്കുകൾ" സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഓരോ കേന്ദ്രത്തിലും നിലവിലുള്ള അംഗീകൃത പ്രവാസി കേരളീയ (NRK) സംഘടനകളുമായി സഹകരിച്ച്, സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്ത രീതിയിലുള്ള സഹകരണ മാതൃകയിലാണ് കേരള ഡെസ്കുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

ഓരോ കേന്ദ്രത്തിലെയും അനുയോജ്യമായ പ്രവാസി സംഘടനകളുമായി സഹകരണ ക്രമീകരണങ്ങൾ ഉറപ്പാക്കുക, ഡെസ്കുകളുടെ പ്രവർത്തനപരിധിയും ഏകോപന പ്രോട്ടോക്കോളും നിർവചിക്കുക, റിപ്പോർട്ടിംഗ് സംവിധാനം അന്തിമമാക്കുക തുടങ്ങിയ നടപടികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

(ബി) കേരളത്തിലേക്ക് കൂടുതൽ വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപസൗഹൃദ കേന്ദ്രമായി ഉയർത്തുന്നതിനും പ്രസ്തുത സംരംഭം എപ്രകാരമാണ് സഹായകമാകുന്നതെന്ന് വിശദമാക്കുമോ;

മറുപടി: പ്രവാസി കേരളീയ സമൂഹവുമായുള്ള സംസ്ഥാനത്തിന്റെ ഇടപെടൽ, (നിലവിൽ) പ്രധാനമായും പണമയയ്ക്കലിൽ കേന്ദ്രീകരിച്ചിരിക്കുന്ന രീതിയിൽനിന്ന് നിക്ഷേപാധിഷ്ഠിതമായ സമീപനത്തിലേക്ക് മാറ്റുക എന്നതാണ് കേരള ഡെസ്കുകളുടെ പ്രധാന ലക്ഷ്യം. ഗൾഫ്, യൂറോപ്പ്, വടക്കേ അമേരിക്ക, കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ നിലവിലുള്ള പ്രവാസി കേരളീയ ബിസിനസ്, പ്രൊഫഷണൽ ശൃംഖലകളെ പ്രയോജനപ്പെടുത്തി, വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും

നിക്ഷേപ നടപടികൾ സുഗമമാക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ വിദേശതല സംവിധാനമായാണ് ഡെസ്കുകൾ പ്രവർത്തിക്കുക.

ഇതിനായി, ഓരോ നഗരത്തിലെയും പ്രവാസി കേരളീയ സംഘടനകൾ, കേരള വംശജരായ വ്യവസായികൾ, സാധ്യതയുള്ള നിക്ഷേപകർ എന്നിവരുമായി ചിട്ടയായ ബന്ധം സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യും. പ്രാഥമിക പരിശോധനയിലൂടെ യോഗ്യത ഉറപ്പാക്കിയ നിക്ഷേപ സാധ്യതകൾ കണ്ടെത്തി ക്രമബദ്ധമായി കെ.എസ്.ഐ.ഡി.സി.യ്ക്ക് കൈമാറുകയും ഏകജാലക സംവിധാനത്തിലൂടെ നിക്ഷേപകർക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുകയും ചെയ്യും. കൂടാതെ, അതത് രാജ്യങ്ങളിലെ മേഖലാടിസ്ഥാനത്തിലുള്ള നിക്ഷേപ അവസരങ്ങൾ, നിക്ഷേപ പ്രവണതകൾ, നിയന്ത്രണ സംവിധാനങ്ങളിലെ മാറ്റങ്ങൾ എന്നിവ സംബന്ധിച്ച വിപണി വിവരങ്ങൾ തുടർച്ചയായി ശേഖരിച്ച് ലഭ്യമാക്കും. ഈ വിവരങ്ങൾ സംസ്ഥാനത്തിന്റെ നിക്ഷേപ പ്രോത്സാഹന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനും കൂടുതൽ ഫലപ്രദമായ നിക്ഷേപ ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനും സഹായകമാകും.

(സി) വിദേശ നിക്ഷേപകർക്ക് കേരളത്തിലെ വ്യവസായ സാധ്യതകൾ, നിക്ഷേപ നടപടിക്രമങ്ങൾ, സർക്കാർ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ആവശ്യമായ സഹായങ്ങളും ലഭ്യമാക്കുന്നതിന് കേരള ഡെസ്കുകൾ വഴി സൗകര്യം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> കേരള ഡെസ്കുകളുടെ പ്രവർത്തനം കെ.എസ്.ഐ.ഡി.സി മുഖേന നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിദേശ നിക്ഷേപകർക്ക് സംസ്ഥാനത്തെ വിവിധ മേഖലകളിലെ നിക്ഷേപ സാധ്യതകൾ, നയങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും മാർഗനിർദേശങ്ങളും കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കും. കൂടാതെ, പദ്ധതികൾക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സഹായം, ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സൗകര്യം, നിക്ഷേപാനന്തര പിന്തുണ എന്നിവയും ഉറപ്പാക്കും. കേരള ഡെസ്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ, ഓരോ കേന്ദ്രത്തിലെയും പ്രവർത്തന ക്രമീകരണങ്ങൾ അന്തിമമാക്കി ഡെസ്കുകൾ പ്രവർത്തനസജ്ജമാകുന്നതോടെ ഈ സൗകര്യങ്ങൾ വിദേശ നിക്ഷേപകർക്ക് ലഭ്യമാക്കാനാകും.

(ഡി) കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങളുടെ വികസനത്തിനും വിദേശ നിക്ഷേപം പ്രയോജനപ്പെടുത്തുന്നതിനുമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

<u>മറുപടി:</u> പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങളുടെ വികസനത്തിനും വിദേശ നിക്ഷേപം ആകർഷിച്ച് പ്രയോജനപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികളും നിക്ഷേപ സൗഹൃദ സംവിധാനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

(1) 2023-ലെ കേരള വ്യവസായ നയത്തിനു കീഴിൽ 22 മുൻഗണനാ മേഖലകളിൽ നിക്ഷേപ സബ്സിഡി, സംസ്ഥാന ചരക്ക് സേവന നികുതി (SGST) റീഇംബേഴ്സ്മെന്റ്, വൈദ്യുതി തീരുവ ഇളവ്, തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ, വായ്പാ പലിശ സബ്സിഡി തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇവ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(2) നിക്ഷേപകർക്ക് ഭൂമി ലഭ്യമാക്കൽ, ആവശ്യമായ അനുമതികൾ നേടുന്നതിനുള്ള സഹായം, നിക്ഷേപാനന്തര പിന്തുണ എന്നിവ ഏകോപിതമായി ലഭ്യമാക്കുന്നതിനായി

കെ.എസ്.ഐ.ഡി.സി.യിൽ ഇൻവെസ്റ്റ് കേരളം സെൽ പ്രവർത്തിക്കുന്നു.

(3) ₹25 കോടിയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് പരമാവധി 75 ദിവസത്തിനുള്ളിൽ 'സംയോജിത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റ്' ലഭ്യമാക്കുന്നതിനായി 'സരൾ കേരളം' ഏക സ്റ്റാറ്റ്യൂട്ടറി അതോറിറ്റി സംവിധാനവും ₹25 കോടി വരെയുള്ള നിക്ഷേപ പദ്ധതികൾക്കായി കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(4) സർക്കാർ നിശ്ചയിക്കുന്ന നിക്ഷേപ പരിധിക്ക് മുകളിലുള്ള തന്ത്രപ്രധാന മേഖലകളിലെ പദ്ധതികൾക്ക് നിലവിലെ വ്യവസായ നയപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് പുറമേ പ്രത്യേക പ്രോത്സാഹനങ്ങളും നൽകുവാൻ വിഭാവനം ചെയ്തിട്ടുണ്ട്.

(5) കൊച്ചി–ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് സ്ഥാപിക്കുന്ന ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കിൻഫ്ര–കെ.എസ്.ഐ.ഡി.സി. വ്യവസായ പാർക്കുകൾ, സ്വകാര്യ വ്യവസായ പാർക്കുകൾ, ക്യാമ്പസ് വ്യവസായ പാർക്കുകൾ എന്നിവയിലൂടെ നിക്ഷേപകർക്ക് ആവശ്യമായ വ്യവസായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.

(6) ലോജിസ്റ്റിക്സ് പാർക്കുകളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി നിക്ഷേപ സബ്സിഡി, സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്, രജിസ്ട്രേഷൻ ചാർജ് ഇളവ് തുടങ്ങിയ ആനുകൂല്യങ്ങൾ കേരള ലോജിസ്റ്റിക്സ് നയത്തിനു കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(7) ദേശീയ-അന്തർദേശീയ നിക്ഷേപ പ്രോത്സാഹന പരിപാടികൾ, വ്യവസായ ഉച്ചകോടികൾ, വ്യാപാര പ്രദർശനങ്ങൾ എന്നിവയിൽ പങ്കെടുത്ത് കേരളത്തിന്റെ വ്യവസായ സാധ്യതകൾ, നിക്ഷേപ അവസരങ്ങൾ, നയപരമായ ആനുകൂല്യങ്ങൾ എന്നിവ ആഗോള നിക്ഷേപകർക്ക് പരിചയപ്പെടുത്തിവരുന്നു. ഇതിലൂടെ വിദേശ നിക്ഷേപകരുമായി നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(ഇ) പ്രസ്തുത സംരംഭത്തിലൂടെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കൾക്ക് ഉയർന്ന തൊഴിൽസാധ്യതകൾ ഉറപ്പാക്കുന്നതിനും കയറ്റുമതി വർധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> കേരള ഡെസ്കുകൾ മുഖേന കണ്ടെത്തുന്ന നിക്ഷേപ സാധ്യതകൾ യാഥാർഥ്യമാകുന്നതോടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങളുടെ വികസനത്തിനും അവസരങ്ങൾ വർധിക്കും. ഇതുവഴി വിവിധ മേഖലകളിൽ വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികൾക്കുള്ള ആവശ്യം വർധിക്കുകയും സംസ്ഥാനത്തെ യുവജനങ്ങൾക്ക് കേരളത്തിനുള്ളിൽ തന്നെ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലൂടെ തൊഴിൽ തേടിയുള്ള പുറംകുടിയേറ്റം കുറയ്ക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് കൂടുതൽ ഉത്തേജനം നൽകുന്നതിനും സാധിക്കും. ഉൽപ്പാദന, സംസ്കരണ മേഖലകളിലേക്കുള്ള വിദേശ നിക്ഷേപം വർധിക്കുന്നത് സംസ്ഥാനത്തിന്റെ ഉൽപ്പാദനശേഷിയും കയറ്റുമതി ശേഷിയും മെച്ചപ്പെടുത്തുന്നതിനും ആഗോള വിപണിയിൽ കേരളത്തിന്റെ മത്സരക്ഷമത ശക്തിപ്പെടുത്തുന്നതിനും സഹായകമാകും.

സെക്ഷൻ ഓഫീസർ